ഒപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് 315 രൂപ ഓൺലൈനായി അടയ്ക്കാവുന്നതാണ്. ലോഗിൻ ചെയ്യുന്നതിന് യൂസർ നെയിമും പാസ്സ്വേർഡും അറിയാത്തവർക്ക് സോഫ്റ്റ് വെയറിലെ ഫൊർഗോട്ട് യൂസർനെയിം/പാസ്സ്വേർഡ് ഓപ്ഷനും ഉപയോഗിക്കാവുന്നതാണ്.

പ്രവാസികൾക്ക് ധനസഹായം

68 (1430) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം വിദേശത്ത് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

&

(ബി) ഇതുസംബന്ധിച്ച് കെ.എം.സി.സി. ജിദ്ദ-മലപ്പുറം ജില്ലാ കമ്മിറ്റി 12-5-2020-ന് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിൽ ഇ.പി.റ്റി.എൻ./5949/2020 നമ്പറായി രജിസ്റ്റർ ചെയ്ത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

വിദേശ രാജ്യങ്ങളിൽവെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് സാന്ത്വന പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. കോവിഡ്മൂലം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്കും, സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനസഹായം ലഭ്യമാക്കുന്നതാണ്. കോവിഡ്മൂലം നാട്ടിലും വിദേശത്തും മരിച്ച പ്രവാസികളുടെയും തിരികെയെത്തിയ കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെയും അവിവാഹിതരായ പെൺകുട്ടികൾക്ക് 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം പ്രമുഖ പ്രവാസി വ്യവസായി ഡോ. രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി വിതരണം ചെയ്യുന്ന പ്രവാസി തണൽ പദ്ധതി നോർക്ക മുഖേന നടപ്പിലാക്കുന്നു. കൂടാതെ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരംഗം (പ്രവാസി കേരളീയൻ (വിദേശം)-1 എ കാറ്റഗറി) അംഗത്വ കാലയളവിൽ മരണപ്പെട്ടാൽ, ആശ്രിതർക്ക് 50,000 രൂപ ധനസഹായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ വെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് നിരവധി പ്രവാസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കെ.എം.സി.സി. ജിദ്ദ-മലപ്പുറം ജില്ലാ കമ്മിറ്റി 12-5-2020-ന് സമർപ്പിച്ച നിവേദനവും ഇതിൽ ഉൾപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോവിഡ്മൂലം മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്ക് നിലവിൽ ധനസഹായത്തിന് പദ്ധതി ഇല്ലെങ്കിൽ സുപ്രീം കോടതി ഈയിടെ കേന്ദ്ര സർക്കാരിന് നൽകിയ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ രൂപീകരിക്കുമ്പോൾ പ്രവാസികളെ കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ

69 (1431) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനയാത്രാവിലക്കുമൂലം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ?

കൃത്യമായ കണക്ക് ലഭ്യമായിട്ടില്ല.

(ബി) ഈ വിഷയത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയതായി അറിയാമോ;

&

(സി) സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുകയുണ്ടായോ?

വിദേശ രാജ്യങ്ങളിലേയ്ക്ക് തിരിച്ചുപോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകുന്നതിന് നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.

(ഡി) വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ കഴിയുന്ന രോഗികളായ മലയാളികൾക്ക് വിമാനയാത്രാവിലക്കുമൂലം മരുന്നുകൾ ലഭ്യമാകുന്നത് മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവാസികൾക്ക് അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly